LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരായ ആക്രമം

35 (318) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മറയൂരിൽ 2010 ഒക്ടോബർ 9-ാം തീയതി ചന്ദന മോഷണ കേസ്സിലെ പ്രതികളെ അറസ്റ്റു ചെയ്യാൻ പോയ വനം വകുപ്പ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ :

(ബി) എങ്കിൽ പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേസ്സിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ;

(ഡി) ഇവർക്ക് ചന്ദന മോഷണ പ്രതികളുമായി ബന്ധമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആക്രമിക്കുകയുണ്ടായി.

(ബി) (1) മുരുകൻ (2) അബ്ദുൾ ഖദർ (3) സജി തോമസ് (4) എസക്കിമുത്തു എന്നിവരും മറ്റു കണ്ടാലറിയാവുന്ന 6 പേരുമാണ് പ്രതികൾ.

(സി) പ്രതികളുടെ രാഷ്ട്രീയ ബന്ധം അറിവായിട്ടില്ല.

(ഡി) 4-ാം പ്രതി എസക്കിമുത്തു ചന്ദനമോഷണക്കേസിലെ പ്രതിയാണ്. മറ്റു പ്രതികൾക്ക് ചന്ദന മോഷണ പ്രതികളുമായി ബന്ധമുള്ളതായി വ്യക്തമായിട്ടില്ല.

കള്ളനോട്ടുകേസിലെ അന്വേഷണം

36 (319) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ നിർമ്മിത അച്ചടി സാമഗ്രികളും പേപ്പറും ഉപയോഗിച്ച് സംസ്ഥാനത്ത് കള്ളനോട്ട് നിർമ്മിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത് സംബന്ധിച്ച് ഏതൊക്കെ കേസുകളിലാണ് സംസ്ഥാന ആഭ്യന്തര വകുപ്പ് ഇപ്പോൾ അന്വേഷണം നടത്തിവരുന്നത്;

(ബി) വിദേശ ബന്ധമുള്ള ഇത്തരം കേസുകൾ അന്വേഷിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം കേസുകളിൽ ചില പോലീസ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണസംഘത്തിൽനിന്നും പോലീസ് ഉദ്യോഗസ്ഥരെ മാറ്റിനിർത്താനും അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കാനും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) ബാധകമല്ല.

പാനൂരിലെ പോലീസ് വകുപ്പിന് കീഴിലുള്ള ഭൂമിയുടെ നവീകരണം

37 (321) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂരിൽ പോലീസ് വകുപ്പിന് കീഴിലുള്ള ഭൂമിയിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി 2005-2010 വർഷത്തിൽ എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഭൂമിയിൽ പോലീസ് ക്വാർട്ടേഴ്സ് നവീകരിക്കാനും പോലീസ് ബാരക്ക് നിർമ്മിക്കാനും സിഐ. ഓഫീസിന് ചുറ്റുമതിൽ പണിയാനുമുള്ള അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവിടെ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly